# കേരള സർവകലാശാല

നം. പി.ആർ.106/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2017-18 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും (ഗവൺമെന്റ്, എയ്ഡഡ്/സ്വാശ്രയ), യു.ഐ.റ്റി , ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2017-18) പ്രവേശനത്തിന് ഓൺലൈൻ (http://admissions.keralauniversity.ac.in) രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും 2017-18 വർഷം ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതാണ്. എല്ലാ കോളേജുകളിലേയും മെരിറ്റ് സീറ്റുകളിലേക്കും , എസ്.സി/ എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴി തന്നെ ആയിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

മാനേജ്മെന്റ് , കമ്മ്യൂണിറ്റി, വികലാംഗർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ ,സ്പോർട്സ് ക്വോട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവരും തന്നെ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം.

ശ്രദ്ധാപൂർവ്വം, കൃത്യതയോടെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. പരാതി രഹിതമായ ഒരു ഓൺലൈൻ രജിസ്ട്രേഷൻ ആണ് ലക്ഷ്യമിടുന്നത്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുവാൻ

- ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോഴുണ്ടാകുന്ന തെറ്റുകൾ രജിസ്ട്രേഷൻ കാലയളവിൽ വിദ്യാർത്ഥികൾക്ക് അവരവരുടെ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തു പരിഹരിക്കാവുന്നതാണ്.
- പേരും ജനനത്തീയതിയും തിരുത്തുന്നതിന് ലോഗിൻ പേജിൽ ഉള്ള 'ഫോറം' എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.
- രജിസ്ട്രേഷൻ കാലയളവ് കഴിഞ്ഞാൽ എല്ലാ തെറ്റുകളും 'ഫോറം' ലിങ്ക് വഴി മാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളു. 'ഫോറം' ലിങ്കിൽ പരാതികൾ രജിസ്റ്റർ ചെയ്യുമ്പോൾ പരാതി

പരിഹരിക്കുന്നതിനാധാരമായ ഡോക്യുമെന്റ്സ് (രേഖകൾ) അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ലഭിക്കുന്ന ടോക്കൺ നമ്പർ വിദ്യാർത്ഥികൾ സൂക്ഷിക്കേണ്ടതും പിന്നീട് പരാതികൾ സംബന്ധിച്ച് സർവ്വകലാശാലയുമായുള്ള ഇടപാടുകളിൽ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്.

രജിസ്ട്രേഷൻ പൂർത്തീകരിച്ച് കഴിഞ്ഞ് ആയതിന്റെ ഒരു പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക ശ്രദ്ധക്ക്: ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ചെലാൻ ഉപയോഗിച്ച് എസ്.ബി.ഐ വഴി മാത്രം അടക്കേണ്ടതാണ്. ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

0471-2304631, 2386296, 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാം.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## കേരള സർവകലാശാല നാഷണൽ സർവീസ് സ്കീം അവാർഡുകൾ പ്രഖ്യാപിച്ചു

കേരള സർവകലാശാല 2016-17 വർഷത്തെ മികച്ച എൻ.എസ്.എസ് യൂണിറ്റായി നെടുമങ്ങാട് ഗവ. കോളേജിനേയും മികച്ച പ്രോഗ്രാം ഓഫീസറായി ടി കോളേജിലെ ഡോ. അൻസർ.ആർ.എന്നിനേയും തെരഞ്ഞെടുത്തു. രണ്ടാമത്തെ മികച്ച കോളേജായി ചേർത്തല സെന്റ് മൈക്കിൾസ് കോളേജും തെരഞ്ഞെടുക്കപ്പെട്ടു. ചേർത്തല എസ്.എൻ കോളേജ്, വർക്കല എസ്.എൻ കോളേജ്, ചെമ്പഴന്തി എസ്.എൻ കോളേജ് എന്നിവ മൂന്നാം സ്ഥാനം പങ്കിട്ടു. മാവേലിക്കര ബിഷപ്പ്മൂർ കോളേജും ആലപ്പുഴ എസ്.ഡി കോളേജും നാലാം സ്ഥാനക്കാരായി. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ ശ്രുതിലക്ഷ്മിയും നിതിൻ തോമസും മികച്ച സ്റ്റുഡന്റ്സ് വോളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെട്ടു.

## എം.ഫിൽ ഫിസിക്കൽ എഡ്യുക്കേഷൻ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ ഫിസിക്കൽ എഡ്യുക്കേഷൻ (എൽ.എൻ.സി.പി.ഇ, കാര്യവട്ടം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (ടാലി) അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ആറ്റിങ്ങൽ ഗവ. കോളേജിൽ നടത്തുന്ന തൊഴിലധിഷ്ടിത കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (ടാലി) അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷകൾ ആറ്റിങ്ങൽ ഗവ. കോളേജിലെ സി.എ.സി.ഇ.ഇ യൂണിറ്റിന്റെ ഓഫീസിൽ ലഭിക്കും. അപേക്ഷാഫോമിന്റെ വില 110 രൂപ. വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു/ പ്രിഡിഗ്രി പാസ്സായിരിക്കണം. ക്ലാസുകൾ ശനി ഞായർ ദിവസങ്ങളിൽ മാത്രം. കോഴ്സിന്റെ കാലാവധി മൂന്ന് മാസം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 29.

തിരുവനന്തപുരം.
16.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098